**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 264** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പോഷക ഭക്ഷണങ്ങൾ എന്ന ഗണത്തിൽ വിപണിയിൽ എത്തുന്ന ഭക്ഷ്യവസ്തുക്കൾ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് പരിശോധിക്കുവാൻ സാധിക്കാത്തതിനാലും ഭക്ഷ്യസുരക്ഷാ വകുപ്പ് കൃത്യമായ പരിശോധനകൾ നടത്താത്തതിനാലും വലിയ രീതിയിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പോഷക ഭക്ഷണങ്ങൾ എന്ന ഗണത്തിൽ വിപണിയിൽ എത്തുന്ന ഭക്ഷ്യവസ്തുക്കൾ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്താറുണ്ട്. |
| (ബി) | ഇത്തരം ഉൽപ്പന്നങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; ഇത്തരം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കും എന്നറിയിക്കുമോ ; | (ബി) | ഇത്തരം സാമ്പിളുകളിൽ **Proximate Analysis**, **Heavy metals, Afflatoxin,** ഫുഡ് അഡിറ്റീവ്സ്, **microbiological analysis** എന്നിവയാണ് ചെയ്യുന്നത്.<br><br>ഇത്തരം സാമ്പിളുകൾക്ക് റെഗുലേഷൻ **9** ഓഫ് ചാപ്റ്റർ **3** ഓഫ് **FSS** (ഫുഡ് ഫോർ ഇൻഫന്റ് ന്യൂട്രിഷൻസ്, **etc.)** റെഗുലേഷൻ **2020** റെഗുലേഷൻ **9** ഓഫ് ചാപ്റ്റർ **3** ഓഫ് **FSS (Health suppliments, Nutraceuticals, food for special dietary purposes)** റെഗുലേഷൻ **2020** പ്രകാരം സ്റ്റാൻഡേർഡുകൾ നിശ്ചയിച്ചിട്ടുണ്ട്. അല്ലാത്തവ പ്രൊപ്രൈറ്ററി വിഭാഗത്തിൽപ്പെടുത്തിയാണ് അനാലിസിസ് ചെയ്യുന്നത്. റെഗുലേഷൻ **2.1.1** ആൻഡ് 2.2.1 ഓഫ് **FSS** (Contaminants, Toxins and Residues) റെഗുലേഷൻ 2**011**, ടേബിൾ 2 എ ആൻഡ് ബി appendix ബി ഓഫ് FSS (മൈക്രോ ബയോളജിക്കൽ സ്റ്റാൻഡേർഡ്സ് - പ്രോസസ്സ് ഹൈജീൻ ക്രൈറ്റീരിയ ആൻഡ് ഫുഡ് സേഫ്റ്റി ക്രൈറ്റീരിയ പ്രകാരമാണ് അനാലിസിസ് നടത്തുന്നത്. |
| (സി) | ഇത്തരം ഉൽപ്പന്നങ്ങളുടെ എത്ര സാമ്പിളുകൾ ഈ സർക്കാരിന്റെ കാലയളവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധിച്ചിട്ടുണ്ടെന്നും എത്ര സാമ്പിളുകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും എത്ര ഉൽപ്പന്നങ്ങൾക്കെതിരെ ഈ | (സി) | |

| | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|
| No. of samples | 52 | 67 | 96 | 62 |
| Unsafe | 1 | 0 | 1 | 0 |
| Substandard | 8 | 4 | 3 | 3 |
| Misbranded | 1 | 0 | 0 | 0 |
| Adjudication | 9 | 4 | 3 | 3 |

<table>
<tr>
<td></td>
<td>കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ഏതൊക്കെ ഉൽപ്പന്നങ്ങൾക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ വർഷം തിരിച്ചു വ്യക്തമാക്കുമോ?</td>
<td></td>
<td>
<table>
<tr><td>Prosecution</td><td>1</td><td>0</td><td>1</td><td>0</td></tr>
<tr><td>Name of product</td><td>Nutrimix, B Protein</td><td>Nutrimix</td><td>Nutrimix</td><td>Nutrimix</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ